LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന ഇറമുഖം

131 (3763) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന ഇറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) സർവ്വേ നടപടി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട അജാനൂരിൽ ഒരു പുതിയ മത്സ്യബന്ധന ഇറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ടോപ്പോഗ്രാഫി സ്റ്റഡി, ബെഡ്സാമ്പിൾ കളക്ഷൻ, ബാത്തിമെട്രി സ്റ്റഡി എന്നിവ പൂർത്തീകരിച്ച് റിപ്പോർട്ട് മാതൃകാപഠനം നടത്തുന്ന ഏജൻസിയായ CWPRS-ന് നൽകിയിട്ടുണ്ട്. ഓരോ മാസവുമുള്ള ഷോർലൈൻ സർവ്വേയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) അജാനൂർ മത്സ്യബന്ധന ഇറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പഠനം നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല.

(സി) 1-3-2013-ൽ തുടങ്ങിയ സർവ്വേ നടപടികൾ 2015 ഒക്ടോബർ മാസത്തോടെ പൂർത്തിയാകുന്നതാണ്.

ഇറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ്

132 (3764) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഇറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിൽനിന്നും, ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ വിപണനത്തിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘങ്ങളെ ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സഹകരണ സംഘങ്ങളെ ഒഴിവാക്കാനുള്ള തീരുമാനമൊന്നും ഇതുവരെയെടുത്തിട്ടില്ല. എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ രാമന്തളി - പാണ്ഡ്യാലക്കടവിൽ നടപ്പാലം

133 (T3765) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന രാമന്തളി-പാണ്ഡ്യാലക്കടവിൽ നടപ്പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ പാലം പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി-വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 18.50 കോടി രൂപയുടെ പ്രൊപ്പോസൽ RIDF-XIX-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുവാൻ നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ല. നബാർഡിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

പാലക്കാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി

134 (3766) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ; വിശദ വിവരം നൽകുമോ ; ഈ വിധത്തിലുള്ള കൃഷിക്കാർക്ക് വകുപ്പ് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ നൽകിയിട്ടുള്ള പദ്ധതികളുടെയും ആനുകൂല്യങ്ങളുടെയും വിശദവിവരം നൽകുമോ ;

(സി) വിശദമായ DPR കോങ്ങാട് മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ടാൽ പരിഗണിക്കുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly